"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം -2025 മാർച്ചിൽ നടന്ന രണ്ടാവർഷ ഹയർസെക്കണ്ടറി പൊതുപരീക്ഷയുടെ സർട്ടിഫിക്കറ്റ് പ്രിന്റിംഗിൽ വന്ന അപാകത സംബന്ധിച്ച് പരീക്ഷാ വിഭാഗം ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിലുള്ള ടീമിന്റെ അന്വേഷണ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ തുടർ നടപടി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.1042/2026/GEDN തീയതി,തിരുവനന്തപുരം, 04-02-2026

---

പരാമർശം:- 1. സ.ഉ(സാധാ)നം.9613/2025/പൊ.വി.വ, തീയതി 11-11-2025.

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ (ഹയർസെക്കന്ററി വിഭാഗം)ന്റെ 12/12/2025-ലെ HSE/2901/2025-Exam IV-3 നമ്പർ കത്ത് പ്രകാരം സമർപ്പിച്ച അന്വേഷണ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

2025 മാർച്ചിൽ നടന്ന പൊതുപരീക്ഷയുടെ ഹയർസെക്കന്ററി സർട്ടിഫിക്കറ്റ് പ്രിന്റിംഗിൽ വന്ന അപാകത സംബന്ധിച്ച് ബഹു.പൊതു വിദ്യാഭ്യാസ മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയത്തിന്മേൽ അന്വേഷണം നടത്തുന്നതിന് പരീക്ഷാ വിഭാഗം ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരമുള്ള അന്വേഷണ റിപ്പോർട്ട് സർക്കാരിലേക്ക് ലഭ്യമാക്കിയിരുന്നു.

2) 2025 മാർച്ചിലെ ഹയർസെക്കണ്ടറി രണ്ടാംവർഷ പൊതുപരീക്ഷകളിലെ പിഴവ് സംഭവിച്ച 30,000 ത്തോളം സർട്ടിഫിക്കറ്റുകൾ പ്രസ്സിൽ ഉപയോഗിച്ചുവന്നിരുന്ന സോഫ്റ്റ് വെയറിലെ പിഴവ് കാരണം സംഭിവിച്ചിട്ടുള്ളതാണന്നും, തെറ്റുവന്ന സർട്ടിഫക്കറ്റുകൾ പിഴവ് തിരുത്തി താമസംവിനാ സ്കൂളിൽ എത്തിച്ചു കുട്ടികൾക്ക് യഥാസമയം വിതരണം നടത്തിയിട്ടുള്ളതും, പിഴവ് സർട്ടിഫിക്കറ്റ് പ്രിൻ്റ് ചെയ്തു സ്കൂളുകളിൽ എത്തിക്കേണ്ടിവന്ന ചെലവ് പ്രസ്സ് തന്നെ വഹിച്ചിട്ടുള്ളതുമാണെന്നും,ഇതുവഴി സർക്കാരിനോ/ വകുപ്പിനോ യാതൊരു സാമ്പത്തിക നഷ്ടവും ഉണ്ടായിട്ടില്ലന്നും , ഭാവിയിൽ കുട്ടികൾക്ക് സർട്ടിഫിക്കറ്റ് അനുവദിച്ചുനൽകുമ്പോൾ ചുവടെ സൂചിപ്പിക്കുന്ന വസ്തുതകളും ഉൾപ്പെടുത്തുന്നത് ഉചിതമായിരിക്കുമെന്നും അന്വേഷണറിപ്പോർട്ടിൽ രേഖപ്പെടുത്തിയിരുന്നു.

3) സർട്ടിഫിക്കറ്റ് പ്രിന്റിംഗിനായി പ്രസ്സിനു നൽകുന്നതിന് മുന്നോടിയായി ഡാറ്റ പ്രസ്സ് അധികൃതർ പ്രോസ്സസ്സ് ചെയ്ത് പ്രിൻറ് ആരംഭിക്കുന്നതിനു വകുപ്പിനു പരിശോധിക്കാൻ നൽകുമ്പോൾ, കുട്ടികളുടെ മാർക്ക് വിവരങ്ങൾ ETL (EXTRACT TRANSFORM LOAD) സാങ്കേതിക വിദ്യയിലൂടെ കംപയർ ചെയ്ത് ഉറപ്പുവരുത്തി പ്രിന്റിംഗ് ആരംഭിക്കുന്നത്

ഉചിതമാണെന്നും, സർട്ടിഫിക്കറ്റ് പ്രിന്റിംഗ് തുടർന്നുള്ള വർഷങ്ങളിൽ ഹയർസെക്കണ്ടറി ചോദ്യപേപ്പർ അച്ചടിക്കുന്നതുപോലെ കോൺഫിഡൻഷ്യലായി പ്രിന്റ് ചെയ്യുന്നതാണ് അഭികാമ്യമെന്നും രേഖപെടുത്തുകയും, കൂടാതെ അന്വേഷണ റിപ്പോർട്ടിൽ താഴെപ്പറയുന്ന ശിപാർശകളും സമർപ്പിച്ചിരുന്നു .

4) നിലവിൽ അനുവദിക്കുന്ന സർട്ടിഫിക്കറ്റിൽ മാർക്ക് ലിസ്റ്റ്, മീഡിയം ഓഫ് സൂചിപ്പിച്ചിട്ടില്ലാത്തതിനാൽ ഇൻസ്ട്രക്ഷൻ തുടർന്നുവരുന്ന എന്നിവ വർഷത്തിൽ " Certificate cum Mark അനുവദിക്കുന്ന സർട്ടിഫിക്കറ്റിൽ statement", എന്ന് തലക്കെട്ടും "The details are shown below, and the medium of instruction is English." എന്നും ഉൾപ്പെടുത്തുന്നത് കുട്ടികൾക്ക് Medium of Instruction എന്ന്, പ്രത്യേകം സർട്ടിഫിക്കറ്റ് നൽകുന്നത് ഒഴിവാക്കണം. രണ്ടാംവർഷ ഹയർസെക്കണ്ടറി സർട്ടിഫിക്കറ്റിൽ അപാകത സംഭവിച്ച സർട്ടിഫിക്കറ്റുകൾ പ്രസ്സ് അധികൃതർ അവരുടെ തന്നെ ചെലവിൽ പ്രിന്റ് ചെയ്ത് സ്കൂളുകളിൽ ലഭ്യമാക്കിയിട്ടുള്ള സാഹചര്യത്തിൽ രണ്ടാം വർഷ സർ ട്ടിഫിക്കറ്റ് പ്രിൻ്റ് ചെയ്ത ഇനത്തിലുള്ള പ്രതിഫലം, തെറ്റുപറ്റിയ സർട്ടിഫിക്കറ്റ് സ്കൂളുകളിൽ എത്തുന്നതിനു 5 ദിവസം താമസം നേരിട്ട സാഹചര്യത്തിൽ ടെണ്ടർ എഗ്രിമെന്റ് ഖണ്ഡിക 6 (ബി) യിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം 1% തുക പേയ്മെൻ്റിൽ നിന്നും പിഴയായി ഈടാക്കി : (തെറ്റുപറ്റിയ സർട്ടിഫിക്കറ്റിന്റെ എണ്ണത്തിനനുസരിച്ച്) നൽകാവുന്നതാണ്.ഇനിവരുന്ന ടെണ്ടറിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങൾ ടെണ്ടർ വ്യവസ്ഥയിലെ എല്ലാ കണ്ടിഷനുകളും പൂർത്തികരിക്കാൻ കഴിയാത്തതായി ടെക്നിക്കൽ കമ്മറ്റിക്ക് ബോധ്യപ്പെടുന്ന പക്ഷം ഒഴിവാക്കാവുന്നതാണ് ടി സ്ഥാപനങ്ങളെ ഒഴിവാക്കാവുന്നതാണ്.

5) നിലവിലുള്ള ഉത്തരവുകളുടെയും നിയമത്തിന്റെയും അടിസ്ഥാനത്തിൽ അന്വേഷണത്തിലെ കണ്ടെത്തലുകളും , ശിപാർശകളും സർക്കാർ പരിശോധിച്ചു. താഴെപ്പറയുന്ന പ്രകാരം നിലവിലുള്ള പ്രക്രീയകളിൽ മാറ്റം വരുത്തുന്നതിന്/തുടർ നടപടി സ്വീകരിക്കുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടർ ഹയർ സെക്കന്ററി വിഭാഗത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

i) നിലവിൽ അനുവദിക്കുന്ന " Certificate cum Mark അനുവദിക്കുന്ന സർട്ടിഫിക്കറ്റിൽ statement", എന്ന് തലക്കെട്ടും "The details are shown below, and the medium of instruction is English." എന്നും ഉൾപ്പെടുത്തണം.

ii) തെറ്റുപറ്റിയ സർട്ടിഫിക്കറ്റ് സ്കൂളുകളിൽ എത്തുന്നതിനു 5 ദിവസം താമസം നേരിട്ട സാഹചര്യത്തിൽ രണ്ടാം വർഷ സർട്ടിഫിക്കറ്റ് പ്രിൻ്റ് ചെയ്ത ഇനത്തിലുള്ള പ്രതിഫലം, ടെണ്ടർ എഗ്രിമെന്റ് ഖണ്ഡിക 6 (ബി) യിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം 1% തുക പേയ്മെൻ്റിൽ നിന്നും പിഴയായി ഈടാക്കി (തെറ്റുപറ്റിയ സർട്ടിഫിക്കറ്റിന്റെ എണ്ണത്തിനനുസരിച്ച്) നൽകാവുന്നതാണ്.

iii) സർട്ടിഫിക്കറ്റ് പ്രിന്റിങുമായി ബന്ധപ്പെട്ട് ഇനിവരുന്ന ടെണ്ടറിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങൾ ടെണ്ടർ വ്യവസ്ഥയിലെ എല്ലാ കണ്ടിഷനുകളും പൂർത്തികരിക്കാൻ കഴിയാത്തതായി ടെക്നിക്കൽ കമ്മറ്റിക്ക് ബോധ്യപ്പെടുന്ന പക്ഷം ടി സ്ഥാപനങ്ങളെ തുടർ പ്രക്രീയകളിൽ നിന്നും ഒഴിവാക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ വാസുകി കെ ഐ എ എസ്
സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർസെക്കന്ററി വിഭാഗം), തിരുവനന്തപുരം.
ജോയിന്റ് ഡയറക്ടർ (ഹയർ സെക്കന്ററി പരീക്ഷാ വിഭാഗം) , തിരുവനന്തപുരം.
ഡയറക്ടർ, കേരള സ്റ്റേറ്റ് ഐ.ടി മിഷൻ, ഇലക്ട്രോണിക്സ് & വിവരസാങ്കേതിക വിദ്യാ വിഭാഗം, തിരുവനന്തപുരം.
ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് പ്രിന്റിങ്, ഗവൺമെന്റ് പ്രസ്സ്, തിരുവനന്തപുരം.
ഇലക്ട്രോണിക് വിവരസാങ്കേതിക (സി) വകുപ്പ്
പൊതു സംഭരണ ഉപദേശകാര്യ (സി) വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar. C. O
സെക്ഷൻ ഓഫീസർ
Date: 05-02-2026 10:14:21